(എഫ്) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ജി) ഇല്ലെങ്കിൽ ഈ വ്യവസായശാലകൾ തുറന്ന് പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(എച്ച്) മാനേജ്മെന്റിന്റെ കാരണങ്ങളാൽ പൂട്ടിയിടപ്പെട്ട ഫാക്ടറികളെത്ര;

(ഐ) തൊഴിലാളികളുടെ പ്രശ്നങ്ങളാൽ പൂട്ടിയിടപ്പെട്ട സ്ഥാപനങ്ങളെത്ര;

(ജെ) 1982 ജൂൺ ഒന്നിനും 1986 മേയ് 31-നുമിടയ്ക്ക് സംസ്ഥാനത്ത് പ്രവർത്തനരഹിതമായ ചെറുകിട വ്യവസായ യൂണിറ്റുകൾ എത്ര?

വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. അഹമ്മദ് :

(എ) ഫോം മാറ്റിംഗ്സ് (ഇൻഡ്യാ) ലിമിറ്റഡ്, ആലപ്പുഴ മാത്രമാണ് ഇപ്പോൾ പൊതുമേഖലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായശാല.

(ബി) 12 (പന്ത്രണ്ട്.)

(സി) 8575

(ഡി) അസംസ്കൃതപദാർത്ഥങ്ങളുടെ ദൗർലഭ്യം, മാനേജ്മെന്റിന്റെ പോരായ്മകൾ, തൊഴിൽ പ്രശ്നങ്ങൾ, പ്രവർത്തനഫണ്ട് ഇല്ലായ്മ എന്നീ കാരണങ്ങളാലാണ് സ്ഥാപനങ്ങൾ പൂട്ടിയിടേണ്ടിവന്നത്.

(ഇ) ഉണ്ട്.

(എഫ്) ഈ വ്യവസായശാലകൾ തുറന്ന് പ്രവർത്തിപ്പിക്കുവാനാവശ്യമായ നടപടികൾ എടുത്തുവരുന്നു. ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് ഐ. ഡി. ബി. ഐ., ഐ. ആർ. സി. ഐ. എന്നീ സ്ഥാപനങ്ങളെ മാനേജ്മെന്റ് സമീപിക്കുന്നുണ്ട്. തൊഴിൽപ്രശ്നങ്ങളും, മാനേജ്മെന്റിന്റെ അപാകതയും തീർക്കുവാൻ ആവശ്യമായ അനുരഞ്ജന സമ്മേളനങ്ങൾ തൊഴിൽവകുപ്പും വിളിച്ചുകൂട്ടുന്നുണ്ട്.

(ജി) ഉദിക്കുന്നില്ല.

(എച്ച്) സഹകാര്യ മേഖലയിൽ 7 (ഏഴ്)

(ഐ) സഹകാര്യ മേഖലയിൽ 5 (അഞ്ച്)

(ജെ) 1982 ജൂൺ ഒന്നിനും 1986 മേയ് 31നുമിടയ്ക്ക് പ്രവർത്തനരഹിതമായ യൂണിറ്റുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. 31-3-1986 വരെ 6001 യൂണിറ്റുകളായിരുന്നു, പൂട്ടിക്കിടന്നിരുന്നത്.

തൊണ്ട് സംഭരണം

*75 [76] ശ്രീ. കെ. ടി. കുമാരൻ:

,, കെ. പി. പ്രഭാകരൻ:

,, കെ. ഇ. ഇസ്മയിൽ:

,, എം. കെ. കേശവൻ:

ഡോ. എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86ൽ കയർ സഹകരണ സംഘങ്ങൾക്കുവേണ്ടി സംഭരിക്കപ്പെട്ട തൊണ്ട് എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1986-87-ലേയ്ക്കുള്ള തൊണ്ട് സംഭരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) കയർ സഹകരണസംഘങ്ങൾക്കുവേണ്ടി 1985-86ൽ (1985 ജൂലൈ 1-ാം തീയതി മുതൽ 1986 ജൂൺ 14 വരെ) 26.93 കോടി തൊണ്ട് സംഭരിച്ചിട്ടുണ്ട്.

(ബി) തൊണ്ട് സംഭരണത്തിനുവേണ്ടി സ്വീകരിച്ച നടപടികൾ കാണിക്കുന്ന ഒരു കുറിപ്പ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.*

സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ യൂണിറ്റുകൾ

* 76 [77] ശ്രീ. കെ. പുരുഷോത്തമൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, ടി. കെ. അറുമുഖൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ യൂണിറ്റുകൾ ഏതൊക്കെയാണ്;

(ബി) ഓരോന്നിന്റെയും മുതൽമുടക്കെത്ര;

(സി) ഇതിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ എത്ര; നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെത്ര;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ മൊത്തം നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ അഹമ്മദ്):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13,688 ചെറുകിട യൂണിറ്റുകളും പൊതുമേഖലയിലും സംയുക്ത മേഖലയിലുമായി 88 വൻകിട-ഇടത്തരം വ്യവസായങ്ങളും ആരംഭിച്ചു.

(ബി) വൻകിട-ഇടത്തരം വിഭാഗത്തിൽ ആരംഭിച്ച വ്യവസായങ്ങളുടെ പേരും, അവയുടെ മുതൽമുടക്കും കാണിക്കുന്ന പട്ടിക മേശപ്പുറത്ത് വച്ചിട്ടുണ്ട്†.

ചെറുകിട - വ്യവസായ യൂണിറ്റുകൾക്കെല്ലാംകൂടി മുതൽമുടക്ക് 140 കോടി രൂപയാണെന്ന് കണക്കാക്കപ്പെടുന്നു. (ബാദ്ധ യൂണിറ്റുകൾ ഇതിൽ ഉൾപ്പെടുന്നില്ല).

(സി, ഡി) പുതിയ കമ്പനികൾ ആയതിനാൽ പലതിനും ലാഭനഷ്ടം കണക്കാക്കപ്പെട്ടിട്ടില്ല.

---

* അനുബന്ധം III

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 75 (76) കാണുക]

തൊണ്ടു സംഭരണത്തിനുവേണ്ടി സ്വീകരിച്ച നടപടികൾ

അയൽ സംസ്ഥാനങ്ങളിൽ തൊണ്ട് കടത്തിക്കൊണ്ടുപോകുന്നത് തടയുവാൻ അതിർത്തി പ്രദേശമായ പൊഴിയൂർ, മാവിളക്കടവ്, കുറും കുട്ടി, കുന്നത്തുകാൽ, ഒറശേഖരമംഗലം ഈ സ്ഥലങ്ങളിൽ കയർ ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ച് 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. കൂടാതെ ചാന്നങ്കര തോട്ടിൽകൂടി അനധികൃതമായി തൊണ്ട് കൊണ്ടുപോകുന്നത് തടയാൻ താൽക്കാലിക ചെക്ക്പോസ്റ്റും സ്ഥാപിച്ചിട്ടുണ്ട്. 1985 മാർച്ച് 25-ാം തീയതി ജില്ലാ കലക്ടർമാരുടെയും ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാരുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും ഒരു സമ്മേളനം വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുകൂട്ടി തൊണ്ടുസംഭരണം മെച്ചപ്പെടുത്തുവാനുള്ള അനന്തര നടപടികൾ സ്വീകരിക്കുവാൻ താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

തീരുമാനങ്ങൾ

1. ചെക്ക്പോസ്റ്റുകളിലെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും പോലീസിന്റെ സഹായം നൽകുവാനും പൊഴിയൂർ ചെക്ക്പോസ്റ്റിൽ ആംഡ് റിസർവ് പോലീസിനെ നൽകുവാനും തീരുമാനിച്ചു.

2. തെക്കൻ ജില്ലകളിൽ അനധികൃതമായി പ്രവർത്തിക്കുന്ന തൊണ്ടുതല്ല് മെഷീനുകൾ ഉണ്ടെങ്കിൽ അവയ്ക്കെതിരെ നടപടികൾ സ്വീകരിക്കുവാനും നിയന്ത്രിക്കുവാനും തീരുമാനിച്ചു.

3. സർവ്വീസ് സഹകരണസംഘങ്ങളിൽ വന്നുചേരുന്ന തൊണ്ട് അടുത്തുള്ള കയർ സഹകരണസംഘങ്ങളെ ഏല്പിക്കുവാനും തീരുമാനിച്ചു.

4. ഗവൺമെന്റ് ഉടമയിലുള്ള സ്ഥാപനങ്ങളിൽ ലഭിക്കുന്ന തൊണ്ട് കയർ സംഘങ്ങൾക്ക് നൽകുന്നതിനും തീരുമാനിച്ചു.

5. ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാ ഇംപ്ലിമെന്റേഷൻ കമ്മിറ്റികൾ ഇടയ്ക്കിടെ കൂടുന്നതാണ്.

6. അനധികൃതമായി തൊണ്ട് അഴുക്കുന്നത് പോലീസ് സഹായത്തോടെ തടയുവാനും അങ്ങനെ ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു.

7. സെയിൽസ്ടാക്സ് ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടെ പൊതിക്കാത്ത തേങ്ങ കൊണ്ടുപോകുന്നതു തടയുവാനും തീരുമാനിച്ചു.

ഈ തീരുമാനങ്ങളുടെ അനന്തര നടപടികൾ എന്ന നിലക്ക് കയർ ചെക്ക്പോസ്റ്റുകളിൽ പോലീസിനെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർവ്വീസ് സംഘങ്ങളിലെ തൊണ്ട് കയർ സംഘങ്ങൾക്ക് നൽകണമെന്നുള്ള സഹകരണസംഘം രജിസ്ട്രാറുടെ ജി. 3064/86-ാം നമ്പരായുള്ള 23-1-1986-ലെ സർക്കുലർ എല്ലാ സർവ്വീസ് സഹകരണ സംഘങ്ങൾക്കും അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1986 ജനുവരി 21-ാം തീയതി മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ ജില്ലാ കളക്ടർമാരുടെയും, പോലീസ് ഉന്നത ഉദ്യോഗസ്ഥൻമാരുടെയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും സമ്മേളനത്തിലും 20-5-1986ൽ വ്യവസായ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ ഉദ്യോഗസ്ഥൻമാരുടെ സമ്മേളനത്തിലും മുകളിൽ വിവരിച്ച ഏഴു തീരുമാനങ്ങളെ കുറെക്കൂടി ഊർജ്ജിതപ്പെടുത്താൻ തീരുമാനിച്ചു. കൂടാതെ പോലീസിന്റെ സഹായം വേണ്ടത്ര ലഭ്യമാക്കുവാൻ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് സി. 645692/86-ാം നമ്പരായി 22-5-1986-ൽ എല്ലാ ജില്ലാ പോലീസ് ഓഫീസർമാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇങ്ങനെ പോലീസിന്റെ ഭാഗത്തുനിന്നും വേണ്ട സഹായം ലഭ്യമാക്കിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥൻമാരുടെയും സെയിൽസ്ടാക്സ് ഉദ്യോഗസ്ഥൻമാരുടെയും സർവ്വീസ് സഹകരണസംഘങ്ങളുടെയും കയർ വികസന ഉദ്യോഗസ്ഥൻമാരുടെയും കൂട്ടായ പ്രവർത്തനം തൊണ്ട് സംഭരണം ഉദ്ദേശിച്ച രീതിയിൽ എത്തിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കപ്പെടുന്നു.

അനുബന്ധം IV

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 77 (78) കാണുക]

മറുനാടൻ മലയാളികളുടെ സഹായത്തോടെ സംസ്ഥാനത്ത് ആരംഭിച്ച വ്യവസായങ്ങൾ

	യൂണിറ്റിന്റെ പേര്	ഉല്പന്നം
1.	ഹെൻഡസ് ഇലക്ട്രോണിക്സ്, പാലക്കാട്	ടി. വി. സെറ്റ്
2.	ബ്രിംസ്റ്റൺ റബ്ബേഴ്സ്, തൃശ്ശൂർ	ട്രെഡ് റബ്ബർ
3.	കോഹിനൂർ മൊസൈക്, ആലപ്പുഴ	മൊസൈക് ടൈൽസ്.
4.	ഇൻഡ്യൻ റബ്ബർ ഇൻഡസ് ട്രീസ്, തൃശ്ശൂർ	സൈക്കിൾ ആൻറ് സ്കൂട്ടർ വാൽവ്സ്
5.	ശ്രേയസ് പ്രിന്റേഴ്സ്, തൃശ്ശൂർ	പ്രിന്റിംഗ്
6.	നൂർ പ്രിന്റിംഗ്, തൃശ്ശൂർ	പ്രിന്റിംഗ്
7.	പുതുശ്ശേരി ഇൻഡസ്ട്രീസ്, തൃശ്ശൂർ	ജനറൽ എൻജിനീയറിംഗ്
8.	ഡിസിൽവ ഇൻഡസ്ട്രീസ്, തൃശ്ശൂർ	സ്റ്റോറേജ് ബാറ്ററി
9.	ക്രസന്റ് ഇൻഡസ്ട്രീസ്, തൃശ്ശൂർ	കറി പൗഡർ

LIBRARY ARCHIVES Kerala Legislative Assembly